നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 4, ബുധൻ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 34

നിയമസഭ 1979 ഏപ്രിൽ 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി:

I. ചോദ്യോത്തരങ്ങൾ

(ഈസമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 789,

റെയിൽവേ വികസനം

*725 [789] ശ്രീ. പി. ജെ. തോമസ്:

,, വക്കം പുരുഷോത്തമൻ:

,, പി. ബാലൻ:

,, ജി. പി. മംഗലത്തുമഠം:

,, കെ. ജി. അടിയോടി:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ വികസനത്തിനും ഉപയോഗത്തിനും കേന്ദ്രത്തിൽനിന്നും നൽകിയ തുക ഉപയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.ടി.എസ്. ജോൺ):

(എ, ബി) റെയിൽവേ വികസനത്തിനുള്ള തുക റെയിൽവേ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. സംസ്ഥാനഗവൺമെൻറല്ല. റെയിൽവേ സേഫ്റ്റി ഫണ്ടിൽനിന്നും ലഭിക്കാനുള്ള തുകയെപ്പറ്റിയാണെങ്കിൽ സംസ്ഥാനം ചെലവുചെയ്തിട്ടുള്ള തുക പിന്നീട് നമുക്ക് ലഭിക്കുകയാണ്. അവിടെയും നഷ്ടപ്പെടുന്ന പ്രശ്നമില്ല.

ശ്രീ. പി. ജെ. തോമസ്: സേഫ്റ്റിഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്? ഇതുവരെയായി എത്രരൂപ അതിനുവേണ്ടി ചെലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. എസ്. ജോൺ: സേഫ്റ്റിഫണ്ട് ഓവർബ്രിഡ്ജ് അപ്രോച്ച് റോഡുകൾ എന്നിവ കെട്ടുന്നതിനും അൺമാൻഡ് ഗേറ്റ് മാൻഡ് ഗേറ്റാക്കുന്നതിനും ആണ് ചെലവാക്കുന്നത്. സംസ്ഥാനം ചെലവഴിച്ചതിനുശേഷം കേന്ദ്രഗവൺമെൻറിലേക്ക് എഴുതും. ചെലവഴിച്ചതിൻറെ പകുതി തുകമാത്രമേ ലഭിക്കുകയുള്ളൂ.

ശ്രീ. പി. ജെ. തോമസ്: ഈ കൊല്ലത്തെ റെയിൽവേബഡ്ജറ്റിൽ തിരുവനന്തപുരം റെയിൽവേഡിവിഷൻ ഉണ്ടാക്കാൻ വേണ്ടി ഒരു തുക മാറ്റിവച്ചിരിക്കുന്നു എന്ന് അറിയുന്നു. ഈ കാര്യത്തെപ്പറ്റി സംസ്ഥാന ഗവൺമെൻറിൻറെ അഭിപ്രായം എന്താണ്? ഇത് ഉണ്ടാകുമെന്നാണോ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എസ്. ജോൺ: തിരുവനന്തപുരം റെയിൽവേഡിവിഷൻ ഉണ്ടാകുമെന്നാണ് സംസ്ഥാനഗവൺമെൻറിൻറെ അഭിപ്രായം. 1977 ഒക്റ്റോബർ മാസത്തിൽ കേന്ദ്രറെയിൽവേമന്ത്രി നമ്മുടെ സംസ്ഥാനത്തു വന്നപ്പോഴും അദ്ദേഹംതന്നെ റെയിൽവേഡിവിഷൻ ഉണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ബാലൻ: ഈ കഴിഞ്ഞവർഷത്തിൽ ഈ സേഫ്റ്റിഫണ്ട് ഉപയോഗപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; അനേകം ആളുകളുടെ മരണത്തിന് ഇടയാക്കിയ മുളംകുന്നത്തുകാവ് ലെവൽ ക്രോസിംഗ് ശരിപ്പെടുത്തുന്നതിന് എന്താണ് ഗവൺമെൻറ് നടപടികൾ സ്വീകരിക്കാതിരിക്കുന്നത്?

ശ്രീ. ടി. എസ്. ജോൺ: അപകടകരമായ ലെവൽക്രോസിംഗ് എല്ലാം ശരിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ 48 വർക്കുകൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. പി. ബാലൻ: കേന്ദ്രഗവൺമെൻറ് ചെലവഴിക്കുന്ന തുകയിൽ പകുതി തരാമെന്ന് അറിയിച്ചിട്ടും ഇത്രയധികം ആളുകളുടെ അപകടമരണത്തിന് ഇടയാക്കുന്ന ലെവൽക്രോസിംഗിൻറെ കാര്യത്തിൽ എന്താണ് കൂടുതൽ പരിഗണന കൊടുത്ത് നടപ്പിലാക്കാതിരിക്കുന്നത്?

ശ്രീ. ടി. എസ്. ജോൺ: അൺമാൻഡ് ലെവൽക്രോസിംഗ് 280 എണ്ണം ഉണ്ട്. ഉടൻതന്നെ അത്രയും മാൻഡ് ഗേറ്റുകൾ ആക്കാൻ സാധിക്കുകയില്ല. എന്നാലും ഒരു ഫെയ്സ്ഡ് പ്രോഗ്രാമെന്നുള്ള നിലയിൽ എത്രയും വേഗം അൺമാൻഡ് ഗേറ്റ്സ് മാൻഡ് ഗേറ്റ്സ് ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പി. മംഗലത്തുമഠം: റെയിൽവേ ആലപ്പുഴവരെ നീട്ടുന്നതോടുകൂടിത്തന്നെ റെയിൽവേക്ക് ആവശ്യമായ മെയിൻറനൻസ് നടത്താനുള്ള വർക്ക്ഷോപ്പുകളും റെയിൽവേവാഗൺ ബിൽഡിംഗ് യൂണിറ്റുകളും ഇവിടെ സ്ഥാപിക്കാൻ ഗവൺമെൻറിന് പദ്ധതി ഉണ്ടോ; കേന്ദ്രഗവൺമെൻറിൽ അതിനുവേണ്ടി സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ടി. എസ്. ജോൺ: നമ്മുടെ റെയിൽവേയ്ക്കുവേണ്ടി ഒരു വർക്ക്ഷോപ്പ് പാലക്കാട് ജില്ലയിൽ ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജി. പി. മംഗലത്തുമഠം: ആലപ്പുഴവരെ റെയിൽവേലൈൻ നീട്ടുന്നതിനുള്ള സാദ്ധ്യതയുണ്ടോ? കായംകുളംവരെ നീട്ടാനുള്ള തീരുമാനം എടുക്കുമോ?

ശ്രീ. ടി. എസ്. ജോൺ: കായംകുളംവരെ അല്ലെങ്കിൽ കരുനാഗപ്പള്ളിവരെ നീട്ടികിട്ടാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്.

ശ്രീ. കെ രാഘവൻ മാസ്റ്റർ: റെയിൽവേ ലൈൻ നീട്ടുമ്പോഴും അതിനാവശ്യമായ ഭൂമി അക്വയർ ചെയ്തു കിട്ടുന്നതിനു ആവശ്യമായ പണം കേന്ദ്രഗവൺമെൻറിൽനിന്നും ലഭിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഭൂമി അക്വയർ ചെയ്യുന്നത് സംസ്ഥാന ഗവൺമെൻറാണ്. കേന്ദ്രഗവൺമെൻറ് പിന്നീട് അതിനു കാശ് തരികയാണ് ചെയ്യുന്നത്.

ശ്രീ. ടി. എ. മജീദ്: ഒലവക്കോട് ഡിവിഷൻ നിലനിറുത്തിക്കൊണ്ടുതന്നെ തിരുവനന്തപുരം ഡിവിഷൻ ആരംഭിക്കുന്നതിനെപ്പറ്റി കേന്ദ്രഗവൺമെൻറിൻെറ പ്രതികരണമെന്താണെന്നു പറയാമോ?

ശ്രീ. ടി. എസ്. ജോൺ: ഒലവക്കോടുഡിവിഷൻ നിലനിറുത്തിക്കൊണ്ടുതന്നെ തിരുവനന്തപുരം ഡിവിഷൻ ഉണ്ടാക്കണമെന്നാണ് കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായമെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. സംസ്ഥാന ഗവൺമെൻറ് അതിനുവേണ്ടിസമ്മർദ്ദം ചെലുത്തുന്നുണ്ട്. അങ്ങനെ ചെയ്യുമെന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ.

ശ്രീ. എം. കെ.കൃഷ്ണൻ: വാഗൺ ബിൽഡിംഗ് യൂണിറ്റ് കേരളത്തിൽ ആരംഭിക്കുന്നത് പാലക്കാട്ട് ആയിരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെയൊരു യൂണിറ്റ് സ്ഥാപിക്കുന്നതിനു ആവശ്യമായ സ്ഥലം വാടനാകുറിശ്ശിയിൽ അക്വയർ ചെയ്തു കൊടുത്തിട്ടുണ്ട്. അതിൻെറ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു പറയാമോ?

ശ്രീ. ടി. എസ്. ജോൺ: ബ്രോഡ്ഗേജ് റെയിൽവേഗ്യാരേജ് വർക്ക്ഷോപ്പ് പാലക്കാട് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ അതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. എവിടെയാണ് സ്ഥാപിക്കുന്നതെന്ന് ഇതുവരെയായി കേന്ദ്രഗവൺമെൻറ് തീരുമാനം എടുത്തിട്ടില്ല. യഥാർത്ഥത്തിൽ സൗത്ത് ഇൻഡ്യയിൽ നമ്മുടെ സംസ്ഥാനത്ത് മാത്രമേ ഇങ്ങനെയൊരു വർക്ക്ഷോപ്പ് ഇല്ലാതെയുള്ളു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തുതന്നെ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും അതിനാവശ്യമുള്ള 360 ഏക്കർ സ്ഥലം ഫ്രീയായി കൊടുക്കാമെന്ന് കേന്ദ്ര ഗവൺമെൻറ് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: തമിഴ്നാട്ടിലും മൈസൂറിലും ഒന്നിലേറെ റെയിൽവേ വർക്ക്ഷോപ്പുകളും ഉള്ളപ്പോൾ കേരളത്തിൽ ഒരു വർക്കുഷോപ്പുപോലും ഇല്ലാത്തതുകൊണ്ട് കേരളത്തിൽ പുതുതായി വർക്കുഷോപ്പുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ? അത് എവിടെ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എസ്. ജോൺ: തമിഴ്നാട്ടിൽ 5-ഉം കർണ്ണാടകയിൽ 2-ഉം ആന്ധ്രയിൽ 2-ഉം ഇപ്പോഴുണ്ട്. നമ്മുടെസംസ്ഥാനത്താണ് ഇല്ലാത്തത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സ്ഥാപിച്ചുകിട്ടണമെന്ന് നമ്മൾ ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. പാലക്കാട്ട് സ്ഥാപിച്ചുകിട്ടുമെന്നാണ് പ്രതീക്ഷ. അതിന്റെ ആവശ്യത്തിനുള്ള സ്ഥലം ഫ്രീയായി കൊടുക്കാമെന്ന് പറയുകയും ഇലക്ട്രിസിറ്റിയും വെള്ളവും കൊടുക്കാമെന്ന് നമ്മൾ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ലെവൽ ക്രോസിംഗ് പുതുതായി സ്ഥാപിക്കണമെങ്കിൽ 85,000 രൂപ പഞ്ചായത്തുകളോ അതുപോലുള്ള സ്ഥാപനങ്ങളോ കെട്ടിവെച്ചാൽ മാത്രമേ പറ്റുകയുള്ളുവെന്ന് പറഞ്ഞുകൊണ്ട് റെയിൽവേ ബോർഡിൽനിന്നും പഞ്ചായത്തുകൾക്കു മറുപടി കിട്ടിയിട്ടുണ്ട്. ഇത്രയും തുക ചെലവാക്കാൻ പഞ്ചായത്തുകൾക്ക് സാദ്ധ്യമല്ല. അതുകൊണ്ട് എവിടെയെല്ലാം ഈ ലെവൽ ക്രോസിംഗുകളിൽ ഗേറ്റുവച്ച് ആളുകളെ നിറുത്തണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു ലിസ്റ്റ് എടുത്ത് റെയിൽവേ ബോർഡിനെ അറിയിക്കാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: അതിന്റെ ലിസ്റ്റ് റെയിവേബോർഡിലും സംസ്ഥാനങ്ങളിലും ഉണ്ട്. അത്യാവശ്യം വേണ്ട പ്രദേശങ്ങളിൽ, അൺമാൻഡ് ഗേറ്റ് ആയിട്ടുള്ള പ്രദേശങ്ങൾ മാൻഡ് ഗേറ്റാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: തിരുവനന്തപുരം-ഒലവക്കോട് ലൈൻ ഇലക്ട്രിഫിക്കേഷൻ നടത്തണമെന്നു പറഞ്ഞുകൊണ്ട് പല നടപടികളും എടുത്തിട്ടുണ്ട്. മൂന്നു നാല് കൊല്ലങ്ങൾക്കുമുമ്പ് 50,000 രൂപ ചെലവാക്കിയിട്ടുണ്ട്. അത് എന്ന് നടപ്പിലാക്കുമെന്ന് പറയാമോ?

ശ്രീ. ടി. എസ്. ജോൺ: അത് നടപ്പിലാക്കുമെന്നാണ് പ്രതീക്ഷ. തിരുവനന്തപുരം-ഒലവക്കോട് ലൈനിൽ ഇലക്ട്രിഫിക്കേഷൻ നടപ്പിലാക്കുമെന്നാണ് പ്രതീക്ഷ. അതിനുവേണ്ട സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒലവക്കോട് ഡിവിഷൻ നിലനിറുത്തിക്കൊണ്ട് ഇവിടെ തിരുവനന്തപുരം ഡിവിഷൻ ആരംഭിക്കുമെന്നു പറഞ്ഞു. ഈ രണ്ടു റെയിൽവേയ്ക്കും കേരളത്തിനു സാദ്ധ്യതയില്ലെന്നും ഏതെങ്കിലും ഒന്നിനു മാത്രമേ സാദ്ധ്യതയുള്ളുവെന്നും ഉള്ള അഭിപ്രായം പൊന്തിവന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള കേരളത്തിന്റെ അഭിപ്രായം എന്താണ്? ആ അഭിപ്രായം ഇൻഡ്യാ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: അങ്ങനെ രണ്ട് റെയിൽവേ ഡിവിഷനുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതയില്ലെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞിട്ടില്ല. ഒരു ഡിവിഷന്റെ കീഴിൽ 600 കിലോമീറ്ററിൽ കൂടുതൽ റെയിൽവേ ലൈൻ ഉണ്ടായിരിക്കണമെന്നാണ് ഇപ്പോൾ കേന്ദ്രത്തിന്റെ നോംസ്. ആ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഷൊർണൂർ- മാംഗ്ളൂർ ലൈൻ ഒലവക്കോട് ഡിവിഷന്റെ കീഴിലുള്ളത് തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ ആക്കണമെന്ന് തീരുമാനിച്ചപ്പോൾ മലബാർ ഭാഗത്തുള്ളവർ ശക്തിയായി പ്രതിഷേധിക്കുകയും ഒലവക്കോട് ഡിവിഷന്റെ കീഴിൽത്തന്നെ ആക്കണമെന്ന് പറയുകയും ചെയ്തു. 600 കിലോമീറ്ററിന് കുറെമാത്രമേ തിരുവനന്തപുരം ഡിവിഷന് കുറവുള്ളൂ എന്നുള്ള നിഗമനത്തിലാണ് കേന്ദ്രഗവൺമെന്റ് എത്തിയിട്ടുള്ളത്. എന്നാൽ ഷൊർണൂർ-മാംഗ്ളൂർ ലൈൻ ഒഴിച്ച്തന്നെ 600 കിലോമീറ്റർ തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ട്. അത് കൊല്ലം-ചെങ്കോട്ട മീറ്റർ ഗേജ് റെയിൽവേ ലൈൻ ആണ്. അത് ഇതിൽ ഉൾപ്പെടുത്തേണ്ടതായിവരും. മീറ്റർ ഗേജ് ഉൾപ്പെടുത്തുന്നതയം അല്ല ഇന്നിപ്പോൾ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ളതാണ് കേന്ദ്രഗവൺമെന്റ് സ്റ്റേറ്റ്ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇൻഡ്യയിൽ എല്ലാഡിവിഷനുകളുടേയും കീഴിൽ മീറ്റർ ഗേജ് റെയിൽവേ ലൈനുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആ നിലയിൽ തിരുവനന്തപുരത്ത് ഉണ്ടാകാൻ പോകുന്ന ഡിവിഷന്റെ കാര്യത്തിലും കൊല്ലം-ചെങ്കോട്ട മീറ്റർഗേജ് കൂടി ഉൾപ്പെടുത്തിയാൽ 600 കിലോമീറ്ററിൽപരം ജൂറിസ്ഡിക്ഷൻ വരത്തക്കവിധത്തിൽ തിരുവനന്തപുരം ഡിവിഷൻ സ്ഥാപിക്കാൻ സാധിക്കുമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. ഇതിന്റെ തീരുമാനം എടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. എത്രയും വേഗം നടത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: ഒരു വർഷം മുമ്പുതന്നെ തിരുവനന്തപുരം റെയിൽവേ ഡിവിഷൻ സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനം ഉണ്ടായിട്ടും നാളിതുവരെനടന്നിട്ടില്ല. നടപ്പ് പാർലമെന്റ് സമ്മേളന കാലത്ത് ഇതിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിൽ ശക്തിയായ സമ്മർദ്ദം ചെലുത്തണമെന്ന്, കേരളത്തിലെ എം. പി. മാരോട് സംസ്ഥാന ഗവൺമെന്റ് വല്ല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടോ? ആ കാര്യത്തിൽ ഈ വകുപ്പിന്റെ ചാർജ് വഹിക്കുന്ന മന്ത്രിയെന്നുള്ള നിലയിൽ അങ്ങോ മുഖ്യമന്ത്രിയോ എം. പി. മാർക്ക് എഴുതിയിരുന്നോ?

ശ്രീ. ടി. എസ്. ജോൺ: ഞാനും മുഖ്യമന്ത്രിയും കഴിഞ്ഞ പാർലമെന്റ് സമ്മേളനകാലത്ത് ഡൽഹിയിൽപോയി എം.പി. മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. ഇതിനെപ്പറ്റിയെല്ലാം സംസാരിച്ചിട്ടുണ്ട്. സമ്മർദ്ദം ചെലുത്തണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. കെ. ശ്രീനിവാസൻ: തിരുവനന്തപുരത്ത് റെയിൽവേ ഡിവിഷൻ സ്ഥാപിക്കാൻ പാടില്ലെന്നുള്ള നിവേദനം സംസ്ഥാന ജനതാപാർട്ടി ചെയർമാനായ ശ്രീ. കെ. ചന്ദ്രശേഖരൻ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. എസ്. ജോൺ: അങ്ങനെയുള്ള ഒരു നിവേദനം നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ആലപ്പുഴ-എറണാകുളം തീരദേശ റെയിൽവേയുടെ നിർമ്മാണപ്രവർത്തനം ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുമോ? എന്നേയ്ക്ക് പൂർത്തിയാകുമെന്ന് പറയാമോ?

ശ്രീ. ടി. എസ്. ജോൺ: ഈ വർഷം തന്നെ ആരംഭിക്കും. ഈ മാസം 16-ാം തീയതി കേന്ദ്ര മന്ത്രിതന്നെ അത് ആരംഭിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: റെയിൽവേ ഡിവിഷന്റെ കാര്യം പോകട്ടെ. പഴകിദ്രവിച്ച ബോഗികളാണ് ഇവിടെ ഓടുന്നത്. വടക്കേ ഇൻഡ്യയിൽ ഓടിക്കഴിഞ്ഞ ബോഗികളാണ് ഇങ്ങോട്ട് അയക്കുന്നത്. അതുകൊണ്ട് ഈ ബോഗികൾ പുതുക്കി അയക്കുവാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിവേദനം നൽകുമോ?

ശ്രീ. ടി. എസ്. ജോൺ: നല്ല ബോഗികൾ ഇടണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഭാസ്കരൻ നായർ: തിരുവനന്തപുരം-എറണാകുളം ലൈനിൽ ഓടുന്ന ട്രെയിൻ മാവേലിക്കര പോലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നിറുത്തുന്നില്ലെന്നുള്ള ആക്ഷേപത്തെകുറിച്ച് പരിശോധിക്കുകയും അവിടെ നിറുത്തുകയും ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. ടി. എസ്. ജോൺ: മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല തുടങ്ങിയ പ്രദേശങ്ങളിൽ ഇങ്ങനെയുള്ള ട്രെയിൻ നിറുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ: ഇൻഡ്യൻ പാർലമെന്റിൽ 1955 മുതൽ സഖാവ് എ. കെ. ഗോപാലൻ ഉന്നയിച്ചതും അതുപോലെതന്നെ ഈ നിയമസഭയിൽ ശ്രീ. പാട്യം ഗോപാലൻ ഉന്നയിച്ചതുമായ തലശ്ശേരി-മൈസൂർ റെയിൽവേ മലപ്പുറത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്ക് ആവശ്യമാണ്. ഈ ഗവൺമെന്റ് തലശ്ശേരി-മൈസൂർ റെയിൽവേ വരേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയിട്ടുണ്ടോയെന്നറിയില്ല. കേന്ദ്രഗവൺമെന്റിൽ ഇതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ ഉണ്ടാകേണ്ടത് അടിയന്തിരമായ ഒരാവശ്യമാണ്. താരിഫ് കമ്മീഷൻ മുമ്പാകെ ഈ അടുത്ത കാലത്ത് സംസ്ഥാന ഗവൺമെന്റ് നിവേദനം നടത്തിയപ്പോഴും ആദ്യം പറഞ്ഞിട്ടുള്ള കാര്യം ഇതാണ്.

ശ്രീ. എം. വി. മാണി: പുതിയ റെയിൽവേ ലൈനിന്റെ സർവ്വേ നടത്തണമെന്ന് ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? കൊച്ചി-മധുര റെയിൽവേ ലൈനിന്റെ സർവ്വേ അടിയന്തിരമായി നടത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ശ്രീ. ടി. എസ്. ജോൺ: താരിഫ് കമ്മീഷൻ മുമ്പാകെ തലശ്ശേരി-മൈസൂർ, ഗുരുവായൂർ-കുറ്റിപ്പുറം, കൊച്ചിൻ-മധുര, കോട്ടയം-പുനലൂർ, തിരുവല്ല-പുനലൂർ, കൊല്ലം-പുനലൂർ, വിഴിഞ്ഞം ബ്രാഞ്ച് ലൈൻ, ആലപ്പുഴ-കരുനാഗപ്പള്ളി എന്നീ ലൈനുകളുടെ സർവ്വേ ഉടനടി ഏറ്റെടുത്തു നടത്തണമെന്ന നിവേദനം കൊടുത്തിട്ടുണ്ട്".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ഒരു റെയിൽവേ ഡിവിഷൻ അനുവദിക്കുമ്പോഴും 600 കിലോമീറ്റർ റെയിൽവേയെങ്കിലും ഉണ്ടായിരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വടക്കേഇൻഡ്യയിൽ പല ഡിവിഷനുകളിലും 600 കിലോമീറ്റർ ദൈർഘ്യം ഇല്ലായെന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് തിരുവനന്തപുരം റെയിൽവേ ഡിവിഷനെ എതിർക്കുന്ന ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ ഈ കാര്യത്തെക്കുറിച്ച് ഡൽഹിയിൽ നിവേദനം നടത്തുവാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: ശ്രീ. കെ. ചന്ദ്രശേഖരൻ തിരുവനന്തപുരം ഡിവിഷൻ വേണ്ടാ, എന്നുപറഞ്ഞ് നിവേദനം നടത്തിയിട്ടുള്ളതായി അറിവില്ല. പക്ഷേ നിവേദനം നടത്തിയിട്ടുള്ളതായി അറിയാം. അതിന്റെ ഫലമായിട്ടാണ് കാലതാമസം വരുന്നതെന്നുള്ള ധാരണയാണ് പലർക്കുമുള്ളത്. ജനതാപാർട്ടിയുടെ നിലപാട് എന്താണെന്നു വ്യക്തമല്ല. 600 കിലോമീറ്ററിൽ കുറച്ച് ദൈർഘ്യമുള്ള റെയിൽവേ ലൈൻ മാറ്റു സംസ്ഥാനങ്ങളിലുള്ളതായിട്ടാണ് അറിയുന്നത്. ഏതായാലും തിരുവനന്തപുരം ഡിവിഷൻ ഉണ്ടാകണം. അതിന് എല്ലാ പാർട്ടികളുടേയും സഹകരണം വേണം. അതിനുവേണ്ട നടപടി കേന്ദ്രഗവൺമെന്റ് ആരംഭിക്കുമെന്നാണ് സംസ്ഥാന ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: റെയിൽവേ ലൈനിനുവേണ്ടി ഏതെങ്കിലും പുതിയ സർവ്വെ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ കൊല്ലത്തെ ബഡ്ജറ്റിൽ ടോക്കണായിട്ട് എങ്കിലും ഏതെങ്കിലും റെയിൽവേലൈൻ സർവ്വേ നടത്തുന്നതിനു വേണ്ടിവരുന്ന ചെലവ് വഹിക്കുന്നതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തുമോ?

ശ്രീ. ടി. എസ്. ജോൺ: റെയിൽവേലൈൻ ഏതൊക്കെയാണെന്നുള്ളതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി എന്തെങ്കിലും തുക ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല. മുൻപ് പറഞ്ഞ കാര്യങ്ങൾക്ക് വേണ്ടി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: റെയിൽവേ വികസനത്തിന്റെ ഭാഗമെന്ന നിലയ്ക്ക് തിരുവനന്തപുരവും കേരളത്തിന്റെ വടക്കേയറ്റവും തമ്മിൽ ബന്ധിപ്പിക്കുന്നതിന് കൂടുതൽ ട്രെയിൻ വേണമെന്ന ആവശ്യം ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ, അതുപോലെതന്നെ വേണാട് എക്സ്പ്രസ് കണ്ണൂർ വരെ നീട്ടണമെന്നുള്ള മലബാർകാരുടെ ആവശ്യം പരിഗണിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ വേണ്ട സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ടി. എസ്. ജോൺ: തീർച്ചയായും ഈ കാര്യത്തിൽ നിവേദനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly